**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **08-12-2022 - ൽ മറുപടിയ്ക്ക്**

**അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് കാലോചിതമായി എന്തൊക്കെ പരിശീലന പരിപാടികളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് നിരവധി പരിശീലന പരിപാടികൾ ഓരോ വർഷവും നടത്തി വരുന്നു. എല്ലാ വിഷയങ്ങളിലും പ്രത്യേകം നടത്തുന്ന പരിശീലനങ്ങൾക്കു പുറമെ അവധിക്കാല അധ്യാപക പരിശീലനം എന്ന തരത്തിൽ സമഗ്രമായ പരിവർത്തന പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്. കോവിഡ് രൂക്ഷമായ സമയത്ത് മാത്രമാണ് ഇത് നടക്കാതെ പോയത്. കൂടാതെ 2019മുതൽ സർവ്വീസിൽ പ്രവേശിച്ച എൽ.പി, യു.പി, എച്ച്.എസ് അധ്യാപകർക്കായി 'നവാധ്യാപക സംഗമം' എന്ന പേരിൽ ഇൻഡക്ഷൻ പരിശീലനം നൽകുന്നുണ്ട്.<br><br>'അധ്യാപക പരിവർത്തന പരിപാടി' എന്ന പേരിൽ 6 മാസം നീണ്ടു നിൽക്കുന്ന കോഴ്സുകൾ നടത്തി. അധ്യാപകരെ ശാക്തീകരിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. അതിന്റെ ഒന്നാം ഘട്ടമായി 400-ഓളം അധ്യാപകർ പങ്കെടുത്ത കോഴ്സ് എൽ.പി തലത്തിൽ വിജയകരമായി പൂർത്തിയാക്കി രണ്ടാംഘട്ട കോഴ്സ് 2023 ജനുവരിയിൽ യു.പി തലത്തിൽ ആരംഭിക്കും.<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കന്ററി അധ്യാപകർക്ക് ' ഹയർ സെക്കന്ററി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകി വരുന്നു. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് മൂന്നു ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം ലീഡർഷിപ്പ് എൻഹാൻസ് മെന്റ് പ്രോഗ്രാം എന്ന പേരിൽ SIEMAT മുഖേന നടപ്പിലാക്കി വരുന്നു. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും 2 |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലായി CE പരിശീലനങ്ങളും തുടർന്ന് സ്കൂൾ തല മോണിറ്ററിംഗും നടത്തുന്നു.<br><br>അധ്യാപകർക്കായി എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് അഥവാ ഇ.ടി ക്ലബ്ബുകൾ രൂപീകരിക്കുകയുണ്ടായി. ഇതിന്റെ ആഭിമുഖ്യത്തിൽ ഇ.ടി കൺവീനർമാരും കോ-ഓർഡിനേറ്റർമാരുമായി പ്രവർത്തിക്കുന്ന അധ്യാപകർക്ക് സയൻസ് ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് (STEM) അധിഷ്ഠിത പരിശീലനം സംഘടിപ്പിക്കുന്നു. ഡിജിറ്റൽ ഉള്ളടക്കങ്ങൾ പുതിയ പഠനരീതിയുടെ അനിവാര്യ ഘടകമായി തീർന്നിരിക്കുന്ന പശ്ചാത്തലത്തിൽ ഡിജിറ്റൽ ഉള്ളടക്ക നിർമാണത്തിൽ അധ്യാപകർക്ക് എസ്.ഐ.ഇ.ടി പരിശീലനം നൽകുന്നു. ഉള്ളടക്കങ്ങൾക്കാവശ്യമായ സ്ക്രിപ്റ്റുകൾ തയ്യാറാക്കുന്നതിന് അധ്യാപകരെ സജ്ജരാക്കുന്നു. ഈ അധ്യാപകർ ഡയറ്റുകളുടെ പിൻതുണയോടെ സ്ക്രിപ്റ്റുകൾ തയ്യാറാക്കുന്നു.<br><br>ഇന്റർനെറ്റ് റേഡിയോ ആരംഭിക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച് എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകി. ഡിജിറ്റൽ മാധ്യമ സാക്ഷരതയും വിമർശനാത്മക ചിന്തയും പുതിയ തലമുറയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സത്യമേവ ജയതേ' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി, സംസ്ഥാന- ജില്ലാ സ്കൂൾ തല അധ്യാപക പരിശീലനവും ക്ലാസ് റൂം തല വിദ്യാർത്ഥി പരിശീലനവും സംഘടിപ്പിച്ചു. കേരളത്തിലെ 14 ജില്ലകളിലെ 41 വിദ്യാഭ്യാസ ജില്ലകളിലുമുള്ള അധ്യാപകർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനം നൽകി. ഒരു സ്കൂളിൽ നിന്ന് ഒരു അധ്യാപകൻ വീതം മാസ്റ്റർ ട്രെയിനേഴ്സ് ആയി പങ്കെടുത്തു. വിദ്യാഭ്യാസ ജില്ലാതലത്തിൽ പരിശീലനം ലഭിച്ച അധ്യാപകൻ സ്കൂളിൽ മുഴുവൻ അധ്യാപകർക്കും മോഡ്യൂൾ പരിചയപ്പെടുത്തി. തുടർന്ന് പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് മൊഡ്യൂൾ പരിചയപ്പെടുത്തി. ഇതുകൂടാതെ ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീമിന്റെ അവധിക്കാല ക്യാമ്പിന്റെ ഒരു ദിവസത്തെ വിഷയമായി സത്യമേവ ജയതേ ഉൾപ്പെടുത്തി. |
| (ബി) | പ്രസ്തുത പരിശീലനം ക്വാളിറ്റി ഇപ്രൂവ്മെന്റ് രീതിയിൽ ആണോ സംഘടിപ്പിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | പരിശീലനങ്ങൾ ക്വാളിറ്റി ഇംപ്രൂവ്മെന്റ് രീതിയിലാണ് സംഘടിപ്പിക്കുന്നത്. അടുത്ത ഒരു വർഷത്തെ സമഗ്രമായി കണ്ടുകൊണ്ടാണ് പരിവർത്തന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. മുഴുവൻ കുട്ടികളും ആത്മവിശ്വാസത്തോടെ ആർജ്ജിക്കേണ്ട അറിവും |

| | | | |
|---|---|---|---|
| | | | കഴിവും നൈപുണ്യവും എന്താകണം എന്ന ധാരണയിൽ പ്രവർത്തിക്കുന്നതിന് അധ്യാപകരെ സജ്ജമാക്കുന്ന കൃത്യമായ ലക്ഷ്യങ്ങളും പ്രക്രിയയും അധ്യാപക പരിവർത്തന പദ്ധതിയുടെ ഉള്ളടക്കമാണ്. |
| (സി) | എസ്.സി.ഇ.ആർ.ടി. പോലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | എസ്.സി.ഇ.ആർ.ടി യുടെ പരിപാടികളിൽ രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്താറുണ്ട്. |
| (ഡി) | കോവിഡാനന്തരം അധ്യാപകർക്ക് ശിശു കേന്ദ്രീകൃതമായ രീതിയിൽ പുതിയ പാഠ്യപദ്ധതിക്കനുസരിച്ച് പഠന വിടവ് നികത്താൻ പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ? | (ഡി) | കോവിഡ് മൂലം കുട്ടികളിൽ സൃഷ്ടിക്കപ്പെട്ട വികാസവിടവുകൾ (സാമൂഹികം, വൈകാരികം, വൈജ്ഞാനികം, ഭാഷാപരം, ശാരീരിക ചാലകപരം, സർഗ്ഗാത്മകം) പരിഹരിച്ച് പഠനം ആസ്വാദകരമാക്കുന്നതിന് ഓരോ കുട്ടിയെയും പിന്തുണയ്ക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനാവശ്യമായ മോഡ്യൂളുകൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിഷയങ്ങളിലും പഠനമികവ് നികത്തുന്നതിനാവശ്യമായ ബ്രിഡ്ജ് മെറ്റീരിയലുകൾ തയ്യാറാക്കി ക്ലാസ്സ് മുറി വിനിമയത്തിന് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. |

സെക്ഷൻ ഓഫീസർ